# എൻഡോസൾഫാൻ പുനരധിവാസ പദ്ധതിക്ക് അന്തിമ രൂപമായി

സ്വന്തം ലേഖകൻ

കാസർകോട്: എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാർ അനുവദിച്ച 50 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതിന് അന്തിമ രൂപമായി. 37.5 ലക്ഷം രൂപ ചികിത്സക്കും മരുന്നുവിതരണത്തിനും 10 ലക്ഷം രൂപ സാമൂഹ്യക്ഷേമ പദ്ധതികൾക്കും വിനിയോഗിക്കും. രണ്ടരലക്ഷം രൂപ ഭരണചെലവാണ്. പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി പ്രത്യേക സെൽ രൂപീകരിച്ച് ആരോഗ്യവകുപ്പിലെ ജീവനക്കാരനെ ഡെപ്യൂട്ടേഷനിൽ കൺവീനറായി നിയമിച്ചു. സെൽരൂപീകരണം സംബന്ധിച്ച് സർക്കാർ ഉടൻ ഉത്തരവിറക്കും. പദ്ധതി നടത്തിപ്പിനെക്കുറിച്ച് തിങ്കളാഴ്ച ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന ജനപ്രതിനിധികളുടെയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും സന്നദ്ധസംഘടനകളുടെയും യോഗം ചർച്ച ചെയ്തു.

ചികിത്സയും മറ്റു സഹായങ്ങളും ആവശ്യമുള്ളവരുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകൾ ഫെബ്രുവരി 28 നകം ജില്ലാ സെല്ലിനെ ഏൽപ്പിക്കാൻ യോഗം തീരുമാനിച്ചു. മുമ്പ് നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് കാഡ് നൽകിയ 928 രോഗികളും ജില്ലാ പഞ്ചായത്തിന് ലഭിച്ച 142 ഉം കലക്ടർക്ക് ലഭിച്ച 62 അപേക്ഷകളും പരിഗണിച്ചായിരിക്കും. ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയും മരുന്നും വികലാംഗരായ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും നൽകേണ്ടവരെ കണ്ടെത്തുക. നിലവിലുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾ ഉൾകൊള്ളുന്ന 11 ഗ്രാമപഞ്ചായത്തുകളിലും മെഡിക്കൽ ഓഫീസർമാരും പഞ്ചായത്ത് പ്രസിഡന്റും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരും ചർച്ച നടത്തി അർഹരായവരുടെ മുൻഗണന ലിസ്റ്റ് തയാറാക്കണം. അലോപതി, ആയുർവേദം, ഹോമിയോ എന്നി മൂന്ന് വിഭാഗങ്ങളിൽ ഏത് ചികിത്സയും രോഗികൾക്ക് തെരഞ്ഞെടുക്കാം. രോഗത്തിന്റെ ഗുരുതരാവസ്ഥയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ വർഷത്തെ ചികിത്സക്ക് തെരഞ്ഞെടുക്കേണ്ടത്. അർഹരായവർ ഒഴിവാക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് അതത് ഗ്രാമപഞ്ചായത്തുകളാണ്. ഗ്രാമപഞ്ചായത്തുകൾ മുൻഗണന അടിസ്ഥാനത്തിൽ നൽകുന്ന ലിസ്റ്റ് ജില്ലാ സെൽ പരിശോധിച്ച് മാർച്ച് 10 നകം അന്തിമ ലിസ്റ്റ് തയാറാക്കും.

പരിസ്ഥിതി വകുപ്പ് ജില്ലാ പഞ്ചായത്തിന് അനുവദിച്ച തുക ധനവകുപ്പിന്റെ അനുമതിയോടെ ഫെബ്രുവരി 28 നകം ലഭിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം വി ബാലകൃഷ്ണൻ പറഞ്ഞു. തുക ലാപ്സാകുമെന്ന ആശങ്ക വേണ്ട. കുറ്റമറ്റ രീതിയിൽ രോഗികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ചികിത്സ നൽകാനാണ് തുക വിനിയോഗിക്കുക. പുനരധിവാസ പദ്ധതി തുടർച്ചയായി നടപ്പാക്കാൻ വിവിധ ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നുള്ള സഹായങ്ങളും സ്വീകരിക്കും. ഇതിന് വെബ്സൈറ്റ് തയ്യാറാക്കുന്നുണ്ട്. വെബ്സൈറ്റിലൂടെ സഹായം അഭ്യർഥിക്കുമെന്നും എം വി ബാലകൃഷ്ണൻ പറഞ്ഞു.

പദ്ധതി നടത്തിപ്പിന്റെ ഗുണം അർഹരായവർക്ക് തന്നെ ലഭിക്കണമെന്ന് യോഗത്തിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ചികിത്സക്കും മറ്റ് സഹായങ്ങൾക്കും അനുവദിച്ച പണം അർഹരായവർക്ക് തന്നെ ലഭിക്കണമെന്ന് എംഎൽഎമാരായ സി എച്ച് കുഞ്ഞമ്പുവും കെ വി കുഞ്ഞിരാമനും പറഞ്ഞു. രോഗത്തിന്റെ ഗുരുതരാവസ്ഥ പരിഗണിച്ചായിരിക്കണം സഹായങ്ങൾ നൽകാനെന്നും ഇരുവരും പറഞ്ഞു. വിവിധ പഞ്ചായത്തുകളിലെ ഗുരുതരാവസ്ഥയിലുള്ള 50 രോഗികൾക്ക് പതിനായിരം രൂപ വീതം നൽകണം. മറ്റ് രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകുന്നതോടൊപ്പം പ്രതിമാസം ജീവിത ചെലവിനായി 500 രൂപ വീതം നൽകണമെന്നും ഡോ. മോഹൻകുമാർ നിർദേശിച്ചു.

ദുരിതബാധിതമേഖലയിൽ 11 ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് പുറമേ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ്മുബാറക് ഹാജി, സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ വി പി പി മുസ്തഫ, വി നാരായണൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി അപ്പ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടി വി രാഘവൻ സ്വാഗതം പറഞ്ഞു.